# പതിനാലാം കേരള നിയമസഭ
ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 2166**
**18.07.2016-ന് മറുപടിയ്ക്ക്**

## കുട്ടനാട്ടിലെ വീയപുരം ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിനും തലവടി ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിനും കെട്ടിടം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.തോമസ് ചാണ്ടി | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) കുട്ടനാട്ടിലെ വീയപുരം ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിനും തലവടി ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിനും കെട്ടിട നിർമ്മാണത്തിന് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം മുഖാന്തിരം തയ്യാറാക്കിയ എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) തലവടി ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂൾ കെട്ടിട നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ട്. വീയപുരം ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂൾ കെട്ടിട നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് ലഭിച്ചിട്ടില്ല. |
| (ബി) ഉണ്ടെങ്കിൽ ആയതിൻെറ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ; | (ബി) തലവടി ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂൾ കെട്ടിട നിർമ്മാണത്തിനുള്ള 160 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ട്. |
| (സി) ബഡ്ജറ്റ് വിഹിതത്തിൻെറ ലഭ്യത അനുസരിച്ച് പ്രസ്തുത പ്രവൃത്തികൾക്ക് മുൻഗണന നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (സി) ബഡ്ജറ്റ് വിഹിതത്തിൻെറ ലഭ്യതയ്ക്കനുസരിച്ച് മാത്രമേ പ്രസ്തുത പ്രവൃത്തികൾക്ക് മുൻഗണന നൽകുന്നതിന് നടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ